# തെങ്ങുകയറ്റം എളുപ്പമാക്കി പരിശീലന ക്യാംപ്

കണ്ണൂർ● തെങ്ങിൽ കയറുന്ന അമ്മയെ കൈയ്യടിച്ചു പ്രോത്സാഹിപ്പിക്കുന്ന മൂന്നു വയസുകാരി മകൾ. തേങ്ങയിട്ടപ്പോൾ കുഞ്ഞു വായിൽ വലിയ ചിരി.

മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി, നാളികേര വികസന ബോർഡ് സഹകരണത്തോടെ സംഘടിപ്പിച്ച സൗജന്യ തെങ്ങുകയറ്റ പരിശീലന ക്യാംപിന്റെ സമാപന സമ്മേളനത്തിന് എത്തിയതായിരുന്നു ശ്രീകണ്ഠാപുരം അലക്സ് നഗർ സ്വദേശിനി റെനി സിബിയും(33) മകൾ അംഗിതയും. തെങ്ങു കയറ്റ യന്ത്രം ഉപയോഗിച്ചുള്ള പരിശീലന പരിപാടിയുടെ ആദ്യ ബാച്ചിന്റെ പരിശീലനമാണ് പൂർത്തിയായത്.

റെനിയുൾപ്പെടെ രണ്ടു സ്ത്രീകളടക്കം 20 പേർ പരിശീലനം പൂർത്തിയാക്കി. ശ്രീപുരം സെന്ററിൽ ജില്ലാ ഇൻഫർമേഷൻ ഓഫിസർ ഇ.വി. സുഗതൻ ഉദ്ഘാടനം ചെയ്തു.

കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ. ജോസഫ് പണ്ടാരശേരി, ജില്ലാ അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റി സെക്രട്ടറി ബി.പി. റഊഫ്, മലബാർ സോഷ്യൽ സർവിസ് സൊസൈറ്റി ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, പ്രോഗ്രാം മാനേജർ അബ്രഹാം എന്നിവർ പ്രസംഗിച്ചു.

തെങ്ങുകയറ്റ വിജയികൾക്കുള്ള കാഷ് അവാർഡ്, സർട്ടിഫിക്കറ്റ് എന്നിവയുടെ വിതരണവും നടന്നു.



മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ കണ്ണൂരിൽ നടത്തിയ സൗജന്യ തെങ്ങുകയറ്റ പരിശീലന ക്യാംപിൽ നിന്ന്.